# ശ്രീ രാമ ഗവൺമെന്റ് പോളിടെക്നിക് കോളേജ് തൃപ്രയാർ

A3 Section (Hostel)

## ഹോസ്റ്റലിന്റെ സുഗമമായ നടത്തിപ്പിന് അന്തേവാസികൾ പാലിക്കേണ്ട ഹോസ്റ്റൽ നിയമങ്ങളും നിബന്ധനകളും താഴെ ചേർക്കുന്നു.

1. ഹോസ്റ്റൽ ഫർണിച്ചർ ഉപകരണങ്ങൾ, ഇലക്ട്രിക്കൽ ഫിറ്റിംഗുകൾ, വാട്ടർ ടാപ്പുകൾ മുതലായവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതും അവയ്ക്ക് യാതൊരുവിധ നാശവും വരുത്തുവാൻ പാടില്ലാത്തതുമാണ്. ഉപകരണങ്ങൾ കേടുവന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ ആയതു ഡ്യൂട്ടി വാച്ച്മാനെ വിവരമറിയിക്കേണ്ടതാണ്.
2. ഫർണിച്ചർ ഒരു മുറിയിൽ നിന്നും മറ്റൊരു മുറിയിലേക്കോ ഹോസ്റ്റലിന്റെ പുറത്തേക്കോ യാതൊരു കാരണവശാലും മാറ്റരുത്. മുറി ഒഴിയുന്നതുവരെ മുറിയിലെ ഫർണിച്ചറിന്റെയും മറ്റും ഉത്തരവാദിത്തം അതാത് അന്തേവാസികൾക്കാണ്.
3. മുറിക്കകത്ത് വാട്ടർ ഹീറ്റർ, ഇന്റക്ഷൻ കുക്കർ എന്നീ ഉപകരണങ്ങൾ യാതൊരു കാരണവശാലും സ്ഥാപിക്കുകയോ ഉപയോഗിക്കുകയോ ചെയ്യരുത്. കറണ്ട് ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടാൽ അന്തേവാസികളിൽ നിന്നും ഫൈൻ ഈടാക്കുന്നതായിരിക്കും.
4. രാത്രി 11 മണിക്കുശേഷം വിളക്കുകൾ അണച്ചിടേണ്ടതാണ്.
5. ടേബിൾ ഫാൻ, റേഡിയോ, മൊബൈൽഫോൺ ചാർജിംഗ് പ്ലഗ് ഫിറ്റിംഗ്, മറ്റത്യാവശ്യ ഉപകരണങ്ങൾ എന്നിവ റെസിഡന്റ് ട്യൂട്ടറുടെ അനുമതി വാങ്ങിയശേഷം മാത്രം ഉപയോഗിക്കേണ്ടതും അവ ദുരുപയോഗം ചെയ്യാൻ പാടില്ലാത്തതുമാണ്.
6. രാത്രി 8.30 മുതൽ 10.30 വരെയുള്ള പഠനസമയത്ത് അന്തേവാസികൾ തികഞ്ഞ നിശ്ശബ്ദത പാലിക്കേണ്ടതും പഠനത്തിന് തടസ്സം ഉണ്ടാകുന്ന യാതൊരു പ്രവൃത്തിയും അന്തേവാസികളുടെ ഭാഗത്തുനിന്നും ഉണ്ടാകുവാൻ പാടില്ലാത്തതുമാണ്. ഈ സമയത്തുള്ള അന്തേവാസികളുടെ റൂം സന്ദർശനം അനുവദനീയമല്ല.
7. എല്ലാ ദിവസവും രാത്രി 8.30-ന് റസിഡന്റ് ട്യൂട്ടർ അന്തേവാസികളുടെ ഹാജർ പരിശോധിക്കുന്നതും ആ സമയത്ത് മുറിയിൽ സന്നിഹിതരല്ലാത്ത (മുൻകൂട്ടി ലീവ് അറിയിക്കാത്ത) എല്ലാ അന്തേവാസികളുടേയും പേരുവിവരം മേൽ നടപടികൾക്കായി വാർഡനെ അറിയിക്കുന്നതുമായിരിക്കും. ഈ സമയത്ത് അന്തേവാസികൾ അവരുടെ മുറിയുടെ വാതിലിന്റെ കുറ്റി ഇടുവാൻ പാടുള്ളതല്ല.
8. എല്ലാ ദിവസവും രാത്രി 8.30 മുതൽ രാവിലെ 5.30 വരെ മെയിൻ ഗേറ്റ് പൂട്ടിയിടുന്നതും വളരെ അത്യാവശ്യമായ അടിയന്തിര കാരണങ്ങൾക്കല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല.
9. റിക്രിയേഷൻ മുറി അതിനുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതും മുറിയിൽ മറ്റു ബഹളമോ, ചൂതാട്ടമോ, ചീട്ടുകളിയോ പാടുള്ളതല്ല.
10. അസുഖം മുതലായ വിശ്വസനീയമായ കാരണങ്ങളാലല്ലാതെ യാതൊരു അന്തേവാസിയും കോളേജ് പ്രവൃത്തി ദിവസങ്ങളിൽ ക്ലാസ്സ് കട്ട് ചെയ്ത് ഹോസ്റ്റലിൽ തങ്ങുവാൻ അനുവദിക്കുന്നതല്ല.
11. അവധി ദിവസങ്ങളിലോ മറ്റോ വീട്ടിൽ പോകാൻ ആഗ്രഹിക്കുന്ന അന്തേവാസികൾ റെസിഡന്റ് ട്യൂട്ടറിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങേണ്ടതും (രേഖാമൂലം) മൂവ്മെന്റ് രജിസ്റ്ററിൽ ഹോസ്റ്റൽ വിട്ടുപോകുന്ന വിവരം കൃത്യമായി തീയതിയും സമയവും സഹിതം രേഖപ്പെടുത്തേണ്ടതാണ്.

12. ഹോസ്റ്റലിൽ ഏതെങ്കിലും തരത്തിലുള്ള മീറ്റിംഗോ പിരിവോ നടത്തുവാൻ യാതൊരു അന്തേവാസിയേയും അനുവദിക്കില്ല.
13. ഏതെങ്കിലും തരത്തിലുള്ള ചൂതാട്ടം, മദ്യപാനം, പുകവലി, മയക്കമരുന്ന്/ലഹരിവസ്തുക്കൾ എന്നിവയുടെ ഉപയോഗം, അസൻമാർഗിക പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ലഭിക്കുന്ന പക്ഷം ആയതിൽ ഉൾപ്പെട്ട എല്ലാ അന്തേവാസികളുടേയും പേരിൽ നടപടി എടുത്ത് ഉടനടി ഹോസ്റ്റലിൽ നിന്നും എന്നന്നേക്കുമായി പുറത്താക്കുന്നതായിരിക്കും.
14. പ്രചരണബോർഡുകൾ, വാൾപോസ്റ്ററുകൾ, കൊടി, തോരണങ്ങൾ മുതലായവ ഹോസ്റ്റൽ മുറിയിലോ കെട്ടിടത്തിനകത്തോ കെട്ടിടത്തിനു പുറത്തോ വയ്ക്കുവാനോ അവ തയ്യാറാക്കുവാനോ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.
15. സീനിയർ അന്തേവാസികൾ ജൂനിയർ അന്തേവാസികളെ വരുതിയിലാക്കുന്നതും ആധിപത്യത്തോടും ധിക്കാരത്തോടും കൂടി അവരോട് പെരുമാറുന്നതും, റാഗിംഗ് ഉൾപ്പെടെയുള്ള ധിക്കാരങ്ങൾ കാട്ടുന്നതും ഒറ്റക്കോ കൂട്ടായോ ആയതിന് പ്രേരിപ്പിക്കുന്നതും യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല. റിപ്പോർട്ട് ലഭിച്ചാൽ അത്തരം അന്തേവാസികളെ ഉടനടി ഹോസ്റ്റലിൽ നിന്ന് പുറത്താക്കുന്നതും ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും.
16. വെക്കേഷനും മറ്റും വീട്ടിലേക്ക് പോകുന്ന അന്തേവാസികൾ അവരുടെ മുറിയുടെ ഡ്യൂപ്ലിക്കേറ്റ് താക്കോൽ വാച്ച്മാനെ ഏൽപ്പിക്കേണ്ടതാണ്.
17. അന്തേവാസികൾ അവരുടെ പരാതികൾ /നിവേദനങ്ങൾ റസിഡന്റ് ട്യൂട്ടർ മുഖേന വാർഡനെ അറിയിക്കേണ്ടതാണ്.
18. ഹോസ്റ്റലിൽ അച്ചടക്കം, ഐക്യം, സമാധാനം എന്നിവ നിലനിർത്തേണ്ടത് തന്റെ കൂടി കടമയാണെന്നും ആയതിന് തന്നാലായത് ചെയ്യേണ്ടതാണെന്നും എന്ന തിരിച്ചറിവ് എല്ലാ അന്തേവാസികൾക്കും ഉണ്ടാകണം.
19. പൂട്ടിയിട്ടിരിക്കുന്ന മുറികൾ അന്തേവാസികൾ തുറക്കുവാൻ പാടുള്ളതല്ല. പൂട്ടിയിട്ടിരിക്കുന്ന മുറി തുറക്കുകയും പിന്നീടുള്ള നാശനഷ്ടങ്ങളിൽ വ്യക്തിയെ തിരിച്ചറിയാത്ത പക്ഷം നഷ്ടം മാസ്സ് ഫൈൻ വഴി ഈടാക്കുന്നതായിരിക്കും.
20. റൂമുകൾക്ക് നൽകിയിരിക്കുന്ന താഴും താക്കോലും യാതൊരു കാരണവശാലും മാറ്റാൻ പാടുള്ളതല്ല. കേടുപാട് വന്നത് മാറ്റിയാലും അക്കാര്യം ഓഫീസിലറിയിച്ച് ഡ്യൂപ്ലിക്കേറ്റ് താക്കോൽ സമർപ്പിക്കേണ്ടതാണ്.
21. ഹോസ്റ്റലിന്റെ മുറ്റത്ത് അശ്രദ്ധമായി കളിക്കുന്നതുമൂലം (ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ മുതലായവ) ഹോസ്റ്റലിന്റെയും പരിസരത്തുള്ള കെട്ടിടങ്ങളുടെയും ജനൽ ചില്ലുകളും മറ്റും കേടുപാടുകൾ സംഭവിച്ചാൽ ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളെ തിരിച്ചറിയാത്ത പക്ഷം നഷ്ടം മാസ്സ് ഫൈൻ വഴി ഈടാക്കുന്നതായിരിക്കും.

22. ഹോസ്റ്റൽ കെട്ടിടത്തിന്റെ പലഭാഗത്തും (മുറികൾ, ഇടനാഴികൾ, ചുമരുകൾ എന്നിവയിൽ) പെയിന്റ് കൊണ്ടും ചായം കൊണ്ടും പേരും ചിത്രങ്ങളും എംബ്ലങ്ങളും വരച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ ഇവ വൃത്തിയാക്കുന്നതിനുള്ള ചെലവ് മാസ്സ് ഫൈൻ വഴി ഈടാക്കുന്നതായിരിക്കും. മുറിയുടെ ഉൾഭാഗം വൃത്തിയായി സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്തം ആയതിലെ അന്തേവാസികൾക്കാണെന്ന് ഓർക്കേണ്ടതാണ്. മുറികൾക്കകത്ത് ഉണ്ടാകുന്ന എല്ലാ നാശനഷ്ടങ്ങൾക്കും താമസിക്കുന്ന വിദ്യാർത്ഥികളിൽ ഉത്തരവാദിത്തമുള്ളവരും നഷ്ടപരിഹാരം ഈടാക്കുന്നതുമാണ്.
23. മെസ്സ് ബില്ലുകളും വൗച്ചറുകളും എല്ലാ മാസവും 2-ാം തീയതിക്കുള്ളിൽ ബന്ധപ്പെട്ടവരുടെ ഒപ്പു സഹിതം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

24. മെസ്സ് ചാർജ്ജും റെന്റും കൃത്യസമയത്തുതന്നെ അടച്ച് ഓഫീസിൽ നിന്നും രശീതി വാങ്ങേണ്ടതുമാണ്.
25. ഹോസ്റ്റലിലെ അഡ്മിഷൻ 1 വർഷത്തേക്കാണ്.വിദ്യാർഥികൾ ഓരോ വർഷവും അഡ്മിഷൻ നേടേണ്ടതാണ്.
26. ഹോസ്റ്റൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾ അവരവരുടെ മുറിയുടെ താഴും താക്കോലും സ്വന്തമായി വാങ്ങേണ്ടതും ,മൂന്ന് താക്കോലുള്ള താഴ് വാങ്ങിച്ച് ഒരു താക്കോൽ ഓഫീസിൽ ഏല്പിക്കേണ്ടതുമാണ്.
27. ഹോസ്റ്റലിൽ വിദ്യാർഥികളെ കാണാൻ എത്തുന്നവർ വാർഡൻ ,റസിഡന്റ് ട്യൂട്ടർ എന്നിവരുടെ സമ്മതം മുൻകൂട്ടി വാങ്ങേണ്ടതാണ്.
28. അഡ്മിഷൻ വാങ്ങി വരുന്ന വിദ്യാർഥികളെ റാഗിങ്ങ് ചെയ്യുവാൻ ശ്രമിക്കുകയോ. ഭീഷണിപ്പെടുത്തുകയോ ചെയ്താൽ പോലീസിൽ വിവരമറിയിക്കുകയും ,ക്രിമിനൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.
29. അഡ്മിഷൻ വാങ്ങി വരുന്ന വിദ്യാർഥികളെ റാഗിങ്ങ് ചെയ്യുവാൻ ശ്രമിക്കുകയോ. ഭീഷണിപ്പെടുത്തുകയോ ചെയ്താൽ പോലീസിൽ വിവരമറിയിക്കുകയും ,ക്രിമിനൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.
30. രാത്രി 7 മണിക്ക് ശേഷമുള്ള ഒരാഘോഷവും ഹോസ്റ്റലിൽ നടത്തുവാൻ പാടുള്ളതല്ല.

വാർഡൻ

പകർപ്പ്ഃ

1. ഹോസ്റ്റൽ നോട്ടീസ് ബോർഡ്
2. റസി. ട്യൂട്ടർ
3. വാച്ച്മാൻ

വിദ്യാർത്ഥിയുടെ പേര് :

ഒപ്പ് :

രക്ഷിതാവിന്റെ പേര് :

ഒപ്പ് :

രക്ഷിതാവിന്റെ ഫോൺ നമ്പർ :